"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 2/4/2023-ൽ കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ. റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

സ.ഉ.(കൈ) നം.78/2023/RD തീയതി,തിരുവനന്തപുരം, 11-04-2023

---

പരാമർശം:- 1. കണ്ണൂർ ജില്ലാകളക്ടർ സമർപ്പിച്ച കുറിപ്പ്.

**ഉത്തരവ്**

2/4/2023-ൽ കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ. റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു. കൂടാതെ ചികിത്സാച്ചെലവിനുള്ള തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

2. വിതരണത്തിനാവശ്യമായിവരുന്ന തുകയായ 15,00,000/- രൂപയിൽ (പതിനഞ്ച് ലക്ഷം രൂപ മാത്രം) 10 ലക്ഷം രൂപ കണ്ണൂർ ജില്ലാ കളക്ടർക്കും, 5 ലക്ഷം രൂപ കോഴിക്കോട് ജില്ലാ കളക്ടർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും നൽകേണ്ടതും, ജില്ലാ കളക്ടർമാർ അടിയന്തിരമായി നടപടി സ്വീകരിച്ച് സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ജില്ലാ കളക്ടർ, കോഴിക്കോട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

സ.ഉ.(കൈ) നം.78/2023/RD

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ്. (05.04.2023-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം. നം. 1469 OA)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.ക്ക്
റവന്യൂ ഡി.ആർ.എഫ്.-എ (മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് സഹിതം)
ഡി.ആർ.എഫ്.--ബി വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bindumol K N
Date: 11-04-2023 17:03:15

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-04-2023**

ഇനം നം: 1469

O.A.

വിഷയം : റവന്യൂ വകുപ്പ് - കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ച് ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കെ. പി. നൗഫീഫ്, എ. റഹ്മത്ത്, സെഹ്റ ഖത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/ കുടുംബങ്ങൾക്ക് ഉചിതമായ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. മരണപ്പെട്ട കെ. പി. നൗഫീഫ്, എ. റഹ്മത്ത്, സെഹ്റ ഖത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുവാൻ തീരുമാനിച്ചു. കൂടാതെ ചികിത്സാച്ചെലവിനുള്ള തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

1469- **O.A** –

(05-04-2023)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ ഉണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കെ.പി. നൗഫീഖ്, എ. റഹ്മത്ത്, സെഹ്റ ഖത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് ഉചിതമായ ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കാമോ? പരിക്കേറ്റ് ചികിത്സയിലായിരിക്കുന്നവരുടെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കാമോ?

5 ലക്ഷം വീതം